"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - വനിത ശിശു വികസന വകുപ്പ് - ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിയ്ക്കുന്ന നിയമം 2005 -പാറത്തോട്ടം കർഷക വികസന സമിതി എന്ന എൻ.ജി.ഒ നടത്തുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷത്തെ കുടിശ്ശിക തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.139/2026/WCDD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-
1. സ.ഉ.(കൈ) നം.2/2021 വ.ശി.വി.വ തീയതി 31/08/2021
2. സ.ഉ.(പി) നം.3/2022 വ.ശി.വി.വ തീയതി 29/03/2022
3. സ.ഉ.(സാധാ) നം.106/2025/WCDD തീയതി 15-03-2025
4. വനിത ശിശു വികസന ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നുള്ള 18/03/2025 ലെ DWCD/1649/2023-WEC3 നം ഉത്തരവ്.
5. ബഹു. കേരള ഹൈക്കോടതിയുടെ 17/12/2025 ലെ WP(C) 10873/2025 നം അന്തിമ വിധിന്യായം.
6. വനിത ശിശു വികസന ഡയറക്ടറുടെ 05.02.2026 തീയതിയിലെ DWCD/2310/2025-WEC3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ഗാർഹിക പീഡനത്തിനു വിധേയരാകുന്ന സ്ത്രീകൾക്ക് വിവിധ സേവനങ്ങൾ നൽകുന്നതിന് പരാമർശം (1),(2) പ്രകാരം വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ **2023-2024** സാമ്പത്തിക വർഷത്തെ ദൈനംദിന പ്രവർത്തനങ്ങൾക്ക് കുടിശ്ശിക ഇനത്തിൽ **45,29,997/**-രൂപ(നാൽപ്പത്തിയഞ്ച് ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി ഏഴ് രൂപ മാത്രം) **2235-02-103-68-03**(പി) ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് പരാമർശം **(3)** പ്രകാരം ഉത്തരവായിരുന്നു.

**2.** പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാറത്തോട്ടം കർഷക വികസന സമിതി നടത്തുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററിന് പരാമർശം **(4)** പ്രകാരം **2023-24** സാമ്പത്തിക വർഷത്തെ കുടിശ്ശിക തുകയായി **77,500/**-രൂപ വയനാട് ജില്ലാ വനിത ശിശു വികസന ഓഫീസർ മുഖേന അനുവദിച്ച് നൽകിയിരുന്നുവെങ്കിലും ടി എൻ.ജി.ഒ പാതിവില സ്കൂട്ടർ

തട്ടിപ്പിൽപ്പെട്ടതിനാൽ ഗ്രാൻഡ് നൽകുന്ന അക്കൗണ്ട് പോലീസ് മരവിപ്പിച്ചിരിക്കുകയാണെന്ന് വയനാട് ജില്ലാ ഓഫീസർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ അനുവദിച്ച ഫണ്ട് 2025 മാർച്ച് 31 നകം മാറി നൽകാൻ കഴിയാതെ പ്രസ്തുത തുക സർക്കാരിലേക്ക് സറണ്ടർ ചെയ്തിരുന്നു.

3. തുടർന്ന് പാറത്തോട്ടം കർഷക വികസന സമിതി ഫയൽ ചെയ്ത കേസിലെ പരാമർശം (4) പ്രകാരമുള്ള ബഹു. കേരള ഹൈക്കോടതിയുടെ അന്തിമ വിധിന്യായത്തിൽ പ്രസ്തുത എൻ.ജി.ഒ നടത്തുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററിന്റെ 2023-24 സാമ്പത്തിക വർഷത്തെ കുടിശ്ശിക പ്രവർത്തന ഫണ്ടായ 77500/-രൂപ, സർക്കാരിലേക്ക് പ്രൊപ്പോസൽ ലഭ്യമാക്കിയാലുടൻ ടി NGO യുടെ ഗ്രാമീൺ ബാങ്കിലുള്ള 40405100004067 എന്ന അക്കൗണ്ടിലേക്ക് മാറി നൽകേണ്ടതാണെന്ന് ബഹു. കേരള ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി.. ആയതിന്റെ അടിസ്ഥാനത്തിൽ പാറത്തോട്ടം കർഷക വികസന സമിതി നടത്തുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററിന്റെ 2023-24 സാമ്പത്തിക വർഷത്തെ കുടിശ്ശിക പ്രവർത്തന ഫണ്ടായ 77,500/-രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-03-(പി) ശീർഷകത്തിൽ നിന്നും നൽകുന്നതിനായി അനുമതി നൽകണമെന്ന് പരാമർശം(6) പ്രകാരം ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു.കേരള ഹൈക്കോടതിയുടെ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പാറത്തോട്ടം കർഷക വികസന സമിതി എന്ന എൻ.ജി.ഒ നടത്തുന്ന സർവ്വീസ് പ്രൊവൈഡിംഗ് സെന്ററിന്റെ 2023-24 സാമ്പത്തിക വർഷത്തെ കുടിശ്ശിക പ്രവർത്തന ഫണ്ടായ 77,500/-രൂപ (എഴുപത്തി എഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-103-68-03(പി) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

1) ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.
2) ധനകാര്യ വകുപ്പ്.
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
4) വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്).
5) കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ